# Wiki Loves Schools 2025

ലോകമെമ്പാടുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉയർന്ന നിലവാരമുള്ളതും സൗജന്യമായി ലൈസൻസ് ചെയ്തതുമായ ചിത്രങ്ങളും മറ്റ് മാധ്യമങ്ങളും ശേഖരിച്ച് വിക്കിമീഡിയ കോമൺസിൽ ചേർക്കുന്നതിനുള്ള ഒരു കാമ്പെയ്നാണ് വിക്കി ലവ്സ് സ്കൂൾസ്. ഇതിന്റെ ഭാഗമായി, കേരളത്തിലെ വിദ്യാലയങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കുന്നു.

## ലക്ഷ്യങ്ങൾ

- **വിക്കിപീഡിയയെ സമ്പന്നമാക്കുക:** സ്കൂളുകളുടെ അതുല്യമായ വാസ്തുവിദ്യ, കാമ്പസ് ജീവിതം, പ്രവർത്തനങ്ങൾ എന്നിവ പ്രദർശിപ്പിക്കുക. സ്കൂൾ ലേഖനങ്ങളിൽ ചിത്രങ്ങൾ ഉൾപ്പെടുത്തി ദൃശ്യസന്ദർഭം ചേർക്കുക, അവ കൂടുതൽ ആകർഷകവും വിജ്ഞാനപ്രദവുമാക്കുക.
- **ഒരു വിഷ്വൽ ഡാറ്റാബേസ് നിർമ്മിക്കുക:** വിദ്യാഭ്യാസവിഭവങ്ങളുടെ വിലപ്പെട്ട ഒരു ശേഖരം സൃഷ്ടിക്കാൻ സഹായിക്കുക.
- **ലൊക്കേഷൻ കൃത്യമാക്കുക:** വിദ്യാലയങ്ങളുടെ ലൊക്കേഷൻ കൃത്യമാക്കുന്നതിന് ചിത്രങ്ങളിലെ ലൊക്കേഷൻ വിവരങ്ങൾ പ്രയോജനപ്പെടുത്തുക

## എന്തെല്ലാം അപ്‌ലോഡ് ചെയ്യാം?

- **പുറംഭാഗത്തെ ഫോട്ടോകൾ:** വിദ്യാലയങ്ങളുടെ മുൻവശത്തെ കാഴ്ചകൾ, അതുല്യമായ വാസ്തുവിദ്യാ വിശദാംശങ്ങൾ, സ്കൂൾ കെട്ടിടത്തിന്റെയും കാമ്പസിന്റെയും വിശാലമായ ഷോട്ടുകൾ.
- **ഇന്റീരിയർ ഷോട്ടുകൾ:** ക്ലാസ് മുറികൾ, ലൈബ്രറികൾ, ലബോറട്ടറികൾ, ജിംനേഷ്യങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവയുടെ ഫോട്ടോകൾ.
- **വിദ്യാർത്ഥി ജീവിതം:** സ്കൂൾ പ്രവർത്തനങ്ങളിലോ കായിക ഇനങ്ങളിലോ അസംബ്ലികളിലോ ഉള്ള ചിത്രങ്ങൾ (ശരിയായ സമ്മതത്തോടെ). വ്യക്തികളുടെ ചിത്രങ്ങൾ വേണ്ടതില്ല
- **പുരാവസ്തുക്കൾ:** ചരിത്രപരമായ ഫലകങ്ങൾ, ട്രോഫികൾ അല്ലെങ്കിൽ സ്കൂളിന്റെ ചരിത്രവുമായി ബന്ധപ്പെട്ട രേഖകൾ, അതുല്യമായ വസ്തുക്കളുടെ ചിത്രങ്ങൾ. **മാതൃകകൾ ഇവിടെ കാണാം**

- ## നിബന്ധനകൾ

- എല്ലാ ചിത്രങ്ങളും സ്വയം എടുത്ത Original ചിത്രമായിരിക്കണം. മെററാഡാറ്റയോടുകൂടിയ മികവുള്ള ചിത്രങ്ങൾ മാത്രം അപ്ലോഡ് ചെയ്യുക
- Screenshot , WhatsApp വഴി അയച്ച ചിത്രം എന്നിവ ചേർക്കരുത്, അവയ്ക്ക് മെറ്റാഡാറ്റ ഉണ്ടാവില്ല.
- **Landscape** മോഡിൽ എടുത്ത ചിത്രങ്ങളാണ് ഉചിതം.
- മൊബൈൽ **കാമറയുടെ ലൊക്കേഷൻ** ഓപ്ഷൻ ഓൺ ചെയ്തുവെച്ചശേഷം ചിത്രമെടുക്കണം. Camera Settings ലെ Save Location ഓപ്ഷൻ കൂടി Enable ചെയ്യുക എങ്കിൽ മാത്രമേ ചിത്രത്തിലൂടെ വിദ്യാലയത്തിന്റെ സ്ഥാനം നിർണ്ണയിക്കാനും Openstreetmap ൽ അത് ചേർത്ത് വഴികാട്ടിയിൽ കൃത്യസ്ഥാനം അടയാളപ്പെടുത്താനും സാധിക്കുകയുള്ളൂ.





*Figure 1: Camera Location*





*Figure 2: Save Location Enable option*

- ഫോട്ടോ എടുക്കുമ്പോൾ, സമ്മത നിയമങ്ങൾ ശ്രദ്ധിക്കുകയും സ്വകാര്യതയെ മാനിക്കുകയും ചെയ്യണം.
- പരസ്യങ്ങളും മറ്റും അടങ്ങിയ ചിത്രങ്ങൾ ചേർക്കരുത്
- **SchoolCode** <space> **Name of school** <space> **Name of item** എന്ന വിധത്തിലായിരിക്കണം ഫയൽനാമം നൽകേണ്ടത്.

  ഉദാ: 98765 സ്കൂൾ കോഡുള്ള Model HSS Thrissur എന്ന വിദ്യാലയത്തിന്റെ ചിത്രങ്ങൾക്ക് നൽകാവുന്ന ഫയൽനാമം

  98765 Model HSS Thrissur school campus.jpg
  98765 Model HSS Thrissur Library.jpg
  98765 Model HSS Thrissur main entrance.jpg എന്നിങ്ങനെ ആവാം.

- സ്കൂൾവിക്കിയിലെ അംഗത്വമുപയോഗിച്ച് വിക്കിമീഡിയ കോമൺസിൽ തിരുത്താനാവില്ല. ഫയൽ അപ്‌ലോഡ് ചെയ്യുന്നതിന് വിക്കിമീഡിയ കോമൺസിൽ അംഗത്വമെടുക്കണം.

## അംഗത്വമെടുക്കൽ

- Firefox ബ്രൗസറിൽ സ്കൂൾവിക്കി ( www.schoolwiki.in ) തുറക്കുക
- തുറന്നുവരുന്ന Wiki Loves Schools എന്ന പ്രൊജക്ട് പേജിലെ വിശദവിവരങ്ങൾ മനസ്സിലാക്കുക.
- അംഗത്വം സൃഷ്ടിക്കുക എന്നതിൽ ക്ലിക് ചെയ്യുക
- വിക്കിമീഡിയ കോമൺസിന്റെ **Create account** പേജ് തുറന്നുവരും
- ഒരു user Name നൽകുക. ഇംഗ്ലീഷിൽ, ഒറ്റ വാക്കിലുള്ള ഉപയോക്തൃനാമമാണ് ഉചിതം.
- Username – ആദ്യ അക്ഷരം Capital Letter ആയിരിക്കണം. മുഴുവൻ വാക്കും Capital ആയും ഉപയോഗിക്കാം.




*Figure 3: Wiki Loves Schools link*





*Figure 4: Open the Link*

- Password മറ്റ് സൈറ്റുകളിൽ ഉപയോഗിക്കുന്നത് ആവരുത്.
- Email ID കൃത്യമായിരിക്കണം. (ഇതിലേക്ക് ലഭിക്കുന്ന മെയിൽ തുറന്ന് Confirm ചെയ്യേണ്ടതായിട്ടുണ്ട്.)
- CAPTCHA വായിക്കാൻ പ്രയാസമുണ്ടെങ്കിൽ, Refresh ചെയ്യുക.
- നൽകിയ വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പാക്കിയശേഷം, Create your account ക്ലിക്ക് ചെയ്യുക.





Figure 5: Fill the details

- അക്കൗണ്ട് സൃഷ്ടിക്കപ്പെട്ടാൽ User ID ഏറ്റവും മുകളിലായി കാണാം.





Figure 6: Account created

## ഈമെയിൽ സ്ഥിരീകരിക്കൽ

- ഈമെയിൽ പരിശോധിക്കുക
- Wikimedia Commons ൽ നിന്ന് വന്നിരിക്കുന്ന മെയിൽ തുറക്കുക






Figure 7: Email link

- സൃഷ്ടിക്കപ്പെട്ട അക്കൗണ്ട് Confirm ചെയ്യുന്നതിനായി, മെയിലിലുള്ള ആദ്യത്തെ ലിങ്ക് തുറക്കുക. ഇമെയിൽ, അക്കൗണ്ട് എന്നിവ Confirm ചെയ്യപ്പെടുന്നു.
- രണ്ടാമത്തെ ലിങ്ക് അക്കൗണ്ട് കാൻസൽ ചെയ്യുന്നതിനുള്ളതാണ്. അത് തുറക്കരുത്.
- Wikimedia Commons, Wikipedia തുടങ്ങിയ ഏത് സംരംഭത്തിൽ പ്രവർത്തിക്കുന്നതിനും ഈ User ID ഉപയോഗിക്കാവുന്നതാണ്.




## ചിത്രം അപ്‌ലോഡ് ചെയ്യൽ

- Firefox ബ്രൗസറിൽ സ്കൂൾവിക്കി ([www.schoolwiki.in](www.schoolwiki.in)) തുറക്കുക Wiki Loves Schools ലിങ്ക് തുറക്കുക




Figure 8: Wiki Loves Schools link

- ചിത്രമെടുത്ത സ്മാർട്ട് ഫോണിൽ നിന്നുതന്നെ Firefox ബ്രൗസറിൽ ലോഗിൻ ചെയ്താൽ അപ്‌ലോഡ് ചെയ്യാവുന്നതാണ്.





*Figure 9: Login link*

- Wiki Loves Schools പ്രൊജക്റ്റ് പേജിലെ നിർദ്ദേശങ്ങൾ കാണുക

- സ്കൂൾവിക്കിയിലുള്ള ലിങ്ക് വഴി തന്നെ [Wikimedia Commons](#) ൽ എത്തുക, എങ്കിൽ മാത്രമേ ഈ ചിത്രഫയലുകളെ സ്കൂൾവിക്കിയുമായി ബന്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ
- [ഇവിടെയുള്ള ലിങ്ക്](#) വഴിയും [വിക്കിമീഡിയ കോമൺസ്](#) തുറക്കാം

- Select Mediafiles to share എന്നതിൽ ക്ലിക്ക് ചെയ്യുക





*Figure 10: Browse for the image  files*

- ആവശ്യമെങ്കിൽ, ഒന്നിൽക്കൂടുതൽ ഫയലുകൾ തെരഞ്ഞെടുക്കാം





*Figure 11: Select files*

- ഫയലുകൾ കാണുക.
- ഒരു വിദ്യാലയത്തിന്റെ ചിത്രങ്ങൾ മാത്രമേ ഒന്നിച്ച് ചേർക്കാൻ പാടുള്ളൂ
- ആവശ്യമില്ലാത്തവ ഉണ്ടെങ്കിൽ Remove ക്ലിക് ചെയ്യുക.
- കൂടുതൽ ഫയലുകൾ ഉൾപ്പെടുത്തണമെങ്കിൽ, Add More Files ക്ലിക് ചെയ്യുക
- Continue ബട്ടൻ ക്ലിക് ചെയ്യുക





*Figure 12: Continue*

- ചേർക്കുന്ന ഫയലുകൾ സ്വന്തമാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നതിനും പകർപ്പവകാശം ഇല്ലാതെ, പൊതുസഞ്ചയത്തിന് സൗജന്യമായി ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതിനുമുള്ള പേജാണ് ഇത്. ഇതിൽ, എല്ലാ വിഭാഗത്തിലേയും ആദ്യത്തെ ഓപ്ഷൻ Select ചെയ്യുക





*Figure 13: Copyright and permission*

ആദ്യത്തെ ഫയലിന് File Name നൽകുക.

- File name സ്കൂൾ കോഡിൽ ആരംഭിക്കണം
- SchoolCode <space> Name of school <space> Name of item എന്ന ക്രമത്തിൽ നൽകുക.
- Caption ആയി സ്കൂളിന്റെ പേര് തന്നെ നൽകിയാൽ മതി. Google Search ലും മറ്റും ഫയൽ ലഭിക്കാൻ ഇത് സഹായിക്കും.





*Figure 14: File name and caption*

- Additional Information എന്നതിന് Main Subject എന്നതിൽ school എന്നുമാത്രം നൽകുക





*Figure 15: Main Subject- school*

- Location മാറ്റം വരുത്തരുത്
- District of Kerala or other എന്നതിൽ ജില്ല തെരഞ്ഞെടുക്കുക
- സ്കൂൾകോഡ് ചേർക്കുക.
- മറ്റ് ഫയലുകൾക്കു കൂടി മേൽപ്പറഞ്ഞ വിവരങ്ങൾ പകർത്തുന്നതിന് Copy Information to other uploads എന്നതിൽ ക്ലിക് ചെയ്യുക

- നിലവിൽ Selection കാണിക്കുന്നവയിൽ മാറ്റം വരുത്തേണ്ടതില്ല. Date of creation, Location എന്നിവ എന്നിവ മാറ്റരുത്. അവ, Metadata യിൽ നിന്നും തനിയേ വന്നുകൊള്ളും.
- Copy Selections to other uploads ക്ലിക് ചെയ്യുക
- എല്ലാ ഫയലിനും മേൽപ്പറഞ്ഞ വിവരങ്ങൾ പകർത്തപ്പെടുന്നു.




*Figure 16: Copying details*

- മറ്റ് ഫയലുകളുടെ File Name ൽ മാറ്റം ആവശ്യമെങ്കിൽ ഓരോന്നിലുമായി വരുത്തുക




*Figure 17: Change File name, if required.*

- Publish Files ക്ലിക് ചെയ്യുക




*Figure 18: Click Publish at the bottom of the page*

- ചിത്രം അപ്‌ലോഡ് ചെയ്യപ്പെട്ടു.
- Filename Copy ചെയ്ത് വിക്കി സംരംഭങ്ങളിൽ ഉപയോഗിക്കാം. ഇക്കാര്യം മറ്റ് മിക്കിമീഡിയ പ്രവർത്തകർ ചെയ്യുന്നതാണ്.




*Figure 19: File link*

- ഓരോ ചിത്രഫയലിലും സ്കൂൾവിക്കി ലിങ്ക് കൂടി ചേർക്കപ്പെടുന്നുണ്ട് എന്നതിനാൽ, അവിടേയും ഈ ചിത്രങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ് .
- ചിത്രഫയലിന്റെ മെറ്റാഡാറ്റയിൽ ലഭ്യമായ Location Details സ്കൂൾ മാപ്പിങ്ങിന് പ്രയോജനപ്പെടുത്തുന്നതാണ്.





*Figure 20: Schoolwiki link and Location details*

- **ഉപയോക്താവിന് താൽപര്യമുണ്ടെങ്കിൽ, മറ്റ് വിദ്യാലയങ്ങളുടെ ചിത്രങ്ങളും ഇതേപോലെ ചേർക്കാവുന്നതാണ്.**

- ഓരോ ഉപയോക്താവും വിക്കിമീഡിയ കോമൺസിൽ അപ്ലോഡ് ചെയ്ത ഫയലുകൾ കാണാൻ ലോഗിൻ ചെയ്തശേഷം Profile Menu വിൽ നിന്നും Uploads ക്ലിക് ചെയ്യുക.





*Figure 21: Contributions*

---

- സാങ്കേതികസഹായത്തിനും സംശയനിവാരണത്തിനും [ഉപജില്ലാ ചുമതലയുള്ള കൈറ്റ് മാസ്റ്റർ ട്രെയിനറെ](#) ബന്ധപ്പെടേണ്ടതാണ്.
- കൂടുതൽ വിവരങ്ങളും സഹായകഫയലും [Wiki Loves Schools പദ്ധതിത്താളിൽ](#) ലഭിക്കുന്നതാണ്

--------------- SchoolwikiHelpDesk, KITE
21/11/2025